ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹ്യൂമൻ റിസോഴ്സസ് ഡെവലപ്പ്മെന്റ്
പ്രജോ ടവേഴ്സ്, വഴുതക്കാട്

തിരുവനന്തപുരം - 14

## നടപടിക്രമം

ഐ.എച്ച്.ആർ.ഡി – ഹരിത കേരളം - ഗ്രീൻ പ്രോട്ടോകോൾ നടപ്പിലാക്കുവാൻ- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

നമ്പർ.ഇഎ1/149/2017/എച്ച്.ആർ.ഡി തീയതി: 23.04.2018

---

സൂചന:- 1. 22.02.2018–ാം തീയതിയിലെ ഹരിതകേരളം മിഷൻ എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺന്റെ കത്ത്
2. 05.10.2017- ാം തീയതിയിലെ സർക്കാർ ഉത്തരവ് നമ്പർ സ.ഉ.(സാധാ) നമ്പർ.3214/2017/തസ്വഭവ

## ഉത്തരവ്

സൂചന രണ്ട് പ്രകാരം സർക്കാർ ഓഫീസുകളുടെ ദൈനംദിന പ്രവർത്തനത്തിന്റെ ഭാഗമായി എല്ലാത്തരം ചടങ്ങുകളിലും ഗ്രീൻ പ്രോട്ടോകോൾ നടപ്പിലാക്കുന്നതിന്റെ മേൽനോട്ടത്തിനായി ഓരോ ഓഫീസിലും ഒരു നോഡൽ ഓഫീസറെ ചുമതലപ്പെടുത്തണമെന്നും പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തണമെന്നും പ്രതിമാസ പുരോഗതി റിപ്പോർട്ടുകൾ തദ്ദേശസ്വയംഭരണ വകുപ്പിനും ഹരിതകേരളം മിഷനും ലഭ്യമാക്കണമെന്നും നിർദ്ദേശിക്കുകയുണ്ടായി. ഈ സാഹചര്യത്തിൽ ചുവടെ ചേർക്കുന്ന ഉത്തരവുകൾ പുറപ്പെടുവിക്കുന്നു.

1. സർക്കാർ ഉത്തരവിൽ പ്രതിപാദിക്കുന്ന പ്രകാരം ഹെഡ് ഓഫീസ് ഉൾപ്പെടെ എല്ലാ അനുബന്ധ സ്ഥാപനങ്ങളിലും ഗ്രീൻ പ്രോട്ടോകോൾ ബാധകമാണെന്ന് ഇതിനാൽ ഉത്തരാവാകുന്നു.

2. ഗ്രീൻ പ്രോട്ടോകോൾ ബാധകമാക്കുന്നതിന്റെ ഭാഗമായി ഐ.എച്ച്.ആർ.ഡി ഹെഡ് ഓഫീസിലെ ഡെപ്യൂട്ടി ഡയറക്ടറായ ശ്രീ. വി. കെ. വാണീ പ്രസാദിനെ ഹെഡ് ഓഫീസിന്റെ ചുമതലയുള്ള നോഡൽ ഓഫീസറായി നിയമിച്ച് ഉത്തരാവാകുന്നു.

3. എല്ലാ സ്ഥാപന മേധാവികളും പ്രസ്തുത സ്ഥാപനത്തിൽ ഈ പദ്ധതിക്കായി ഒരു നോഡൽ ഓഫീസിറെ നിയമിക്കുകയും നോഡൽ ഓഫീസറുടെ പേര് വിവരങ്ങൾ ഹെഡ് ഓഫീസിൽ അറിയിക്കേണ്ടതുമാണ്.

ഒപ്പ്
ഡോ. പി. സുരേഷ് കുമാർ
ഡയറക്ടർ

പകർപ്പ്:-

1. ശ്രീ. വി. കെ. വാണീപ്രസാദ്, ഡെപ്യൂട്ടി ഡയറക്ടർ
2. എല്ലാ സ്ഥാപന മേധാവികൾക്കും തുടർനടപ്പടികൾക്കായി(പരമാർശത്തിലെ പകർപ്പുകൾ സഹിതം)
3. അഡിഷണൽ ഡയറക്ടർ
4. അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
5. ഫിനാൻസ് ഓഫീസർ
6. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ
7. സി എ *I & II*
8. കരുതൽ ഫയൽ
9. ഓഫീസ് പകർപ്പ്

അംഗീകാരത്തോടെ

26/4

അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

53

2607 | L8 | HRD

38 | 27.2.18.

ഹരിതകേരളം മിഷൻ
കേരള സർക്കാർ

നം. എച്ച്.കെ.എം/എ2/046/2018 22.02.2018.

പ്രേഷകൻ

എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ

സ്വീകർത്താവ്

ഡയറക്ടർ
ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹ്യൂമൻ റിസോഴ്സസ് ഡെവലപ്മെന്റ്

സർ,

വിഷയം : ഹരിത കേരളം മിഷൻ -ഗ്രീൻ പ്രോട്ടോകോൾ നടപ്പിലാക്കുന്നത് -സംബന്ധിച്ച്.

സൂചന : സ.ഉ. (സാധാ) നം. 3214/2017/ത.സ്വ.ഭ.വ. നമ്പരായി 05.10.2017-ലെ സർക്കാർ ഉത്തരവ്.

സർക്കാർ ഓഫീസുകളുടെ ദൈനംദിന പ്രവർത്തനത്തിന്റെ ഭാഗമായും എല്ലാത്തരം ചടങ്ങുകളിലും ഗ്രീൻപ്രോട്ടോകോൾ ബാധകമാക്കി സൂചനപ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഗ്രീൻപ്രോട്ടോകോൾ നടപ്പിലാക്കുന്നതിന്റെ മേൽനോട്ടത്തിനായി ഓരോ ഓഫീസിലും ഒരു നോഡൽ ഓഫീസറെ ചുമതലപ്പെടുത്തേണ്ടതും, ഓഫീസ്തല കമ്മിറ്റികൾ രൂപീകരിച്ച് പ്രസ്തുത പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തേണ്ടതും പ്രതിമാസ പുരോഗതി റിപ്പോർട്ടുകൾ തദ്ദേശ സ്വയംഭരണ വകുപ്പിനും ഹരിത കേരളം മിഷനും ലഭ്യമാക്കേണ്ടതുമാണ് എന്നും ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ട്.

ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ താങ്കളുടെ വകുപ്പിനു കീഴിലുള്ള ഓഫീസുകളിൽ നാളിതുവരെ ഗ്രീൻപ്രോട്ടോകോളുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടിയെ സംബന്ധിച്ച വിവരവും നോഡൽ ഓഫീസറുടെ പേരും മേൽവിലാസവും (ഫോൺനമ്പർ, ഇ-മെയിൽ വിലാസം ഉൾപ്പെടെ) 2018 മാർച്ച് 1 ന് മുൻപായി അറിയിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. തുടർ നടപടികൾ ആസൂത്രണം ചെയ്യുന്നതിന് ഈ വിവരങ്ങൾ അനിവാര്യമാണ് എന്നതിനാൽ അടിയന്തിരമായി നടപടി സ്വീകരിക്കണമെന്ന് താൽപ്പര്യപ്പെടുന്നു.

വിശ്വസ്തതയോടെ,

ഡോ. റ്റി.എൻ. സീമ
എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ

റ്റി.സി. 2/3271(3)(4), ഹരിതം, കുട്ടനാട് ലെയിൻ, പട്ടം പാലസ് പി.ഒ., തിരുവനന്തപുരം – 695 004
ഫോൺ : 0471-2449939, ഇ-മെയിൽ : haritham@kerala.gov.in, harithakeralamgok@gmail.com

B